മാതൃഭൂമി EA

# മത്സ്യ കൂടുകൃഷി പ്രചാരണം: ഡോ. ഗോപാലകൃഷ്ണന് രാജ്യാന്തര പുരസ്കാരം


ഡോ. ഗോപാലകൃഷ്ണൻ

**കൊച്ചി:** കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് ഫിഷറീസ് സൊസൈറ്റിയുടെ (എഫ് എസ്) സ്വർണ മെഡൽ.

മത്സ്യ കൂടുകൃഷിയുടെ പ്രചാരണത്തിന് സിഎംഎഫ് ആർഐ നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് മൂന്ന് വർഷത്തിലൊരിക്കൽ സമ്മാനിക്കുന്ന പുരസ്കാരം ഡോ. ഗോപാലകൃഷ്ണന് ലഭിച്ചത്.

രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ നടത്തുന്ന 750-ലധികം കൂടുകൃഷി സംരംഭങ്ങൾക്ക് സി എംഎഫ്ആർഐ നിലവിൽ സാങ്കേതിക സഹായം നൽകുന്നുണ്ട്.

ബാങ്കോക്കിൽ നടന്ന 11-ാമത് ഏഷ്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറത്തിൽ എഫ് എസ് പ്രസിഡൻറ് പ്രൊഫ. ഷോലിൻ ഹോംഗ് ഡോ. ഗോപാലകൃഷ്ണന് സ്വർണമെഡലും പ്രശസ്തിപത്രവും സമ്മാനിച്ചു. എഫ്എസ് എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് ഇന്ത്യയിൽ നിന്നുള്ള പ്രതിനിധിയായി 13-ാമത് ജനറൽ ബോഡി യോഗം ഡോ. ഗോപാലകൃഷ്ണനെ നാമനിർദ്ദേശം ചെയ്തു.

Mathrubhumi e-paper KOCHI
Thu, 18 August 2016
digitalpaper.mathrubhumi.com/c/12559